കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മറ്റത്തൂർ ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.8)1220/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in
തീയതി.16/12/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മറ്റത്തൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-1-ലെ 1-31, 1-33 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997-ലെ കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.8)1220/2020 തീയതി :16/12/2020

## തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 4.10.2018 മുതൽ 31.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 28 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.മേരി ഹണി ജോസഫ് | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 12-10-2020 മുതൽ 16-10-2020 വരെ<br>27-10-2020 മുതൽ 2-11-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ഷീന.കെ.ടി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സലീഷ്.എം.ജി. | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.സുമിത.ടി.എസ്. | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ധന്യാ ദിലീപ് | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.സി.സുബ്രൻ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.ജി.ഗോപകുമാർ | 1-4-2018മുതൽ 8-11-2018 വരെ |
| സെക്രട്ടറി ഇൻ | ശ്രീ.കെ.ഭാഗ്യനാഥൻ | 9-11-2018 മുതൽ 12- |

| | | |
|---|---|---|
| ചാർജ് | | 11-2018 വരെ |
| സെക്രട്ടറി | ശ്രീ.ടി.ജി.സജി | 13-11-2018മുതൽ 31-3-2019 വരെ |

| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.സുരേഷ്.സി. | 1-4-2018 മുതൽ 7-7-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.വിനോദ് കുമാർ.പി | 8-7-2018 മുതൽ 31-3-2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി സരസ്വതി. | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ.സി.എച്ച്.സി | ശ്രീമതി ശിൽപ ബേബി | 1-4-2018 മുതൽ 31-3-2019വരെ |
| വെറ്ററിനറി സർജൻ | ഡോ.എൽദോ | 1-4-2018 മുതൽ 31-3-2019 വരെ |
| ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ് | ശ്രീമതി അൽഫോൺസ | 1-4-2018 മുതൽ 25-6-2018 വരെ |
| ഹെഡ് മിസ്ട്രസ്,ജി.യു.പി.എസ് | ശ്രീമതി സൂസി.പി.പി. | 26-6-2018മുതൽ 31-3-2019 വരെ |
| വി ഇ ഒ (മറ്റത്തൂർ സർക്കിൾ) | ശ്രീമതി ശികിത.കെ.എസ് | 1-4-2018 മുതൽ 31-3-2019 വരെ |
| വി ഇ ഒ (വെള്ളിക്കുളങ്ങര സർക്കിൾ) | ശ്രീ.അൽജോ സി ചെറിയാൻ | 1-4-2108 മുതൽ 31-8-2018 വരെ |
| വി ഇ ഒ | ശ്രീമതി നിജ്ജ ജോസ് | 01-9-2018 മുതൽ 31-3-2019 വരെ |
| വി ഇ ഒ (കോടാലി സർക്കിൾ) | ശ്രീമതി ഉമൈബാൻ പി.എ | 1-4-2018 മുതൽ 31-3-2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.ഭാഗ്യനാഥൻ | 1-4-2018 മുതൽ 31-3-2019വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി സുധാകുമാരി.വി | 1-4-2018 മുതൽ 31-3-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മുഹമ്മദ് റീസ്.എം.എം | 1-4-2018 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീതി പരിശോധന- അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതി -കുറവ് വന്ന തുക ഈടാക്കേണ്ടതാണ് | 1-13 |
| 14 | ലൈസൻസ് | 1-14 |
| 15 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 16 | ലൈബ്രറി-പരാമർശങ്ങൾ | 1-16 |
| 17 | ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 18 | ബിൽഡിങ്ങ് പെർമ്മിറ്റ് – കവറേജ് തെറ്റായി കണക്കാക്കി കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി | 1-18 |
| 19 | ബിൽഡിങ്ങ് പെർമ്മിറ്റ് – സ്പെഷ്യൽ ടോയ്‌ലെറ്റിനുള്ള വ്യവസ്ഥ ഇല്ലാത്ത കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകി | 1-19 |
| 20 | നായാട്ട്കുണ്ട് കുടിവെള്ളപദ്ധതി- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 21 | കണ്ടിജൻസി ചെലവിനായി നൽകിയ തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-21 |
| 22 | ജില്ലാപഞ്ചായത്തിന് വിഹിതം നൽകിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 23 | പശുവളർത്തൽ -വനിത(പൊതു വിഭാഗം) പദ്ധതി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 24 | ശമ്പളപരിഷ്കരണ കുടിശ്ശിക ക്രമീകരിച്ചപ്പോൾ, വർദ്ധനവിനാനുപാതികമായി, പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 1-24 |
| 25 | പദ്ധതി രൂപീകരണം, മോണിറ്ററിംഗ്- രേഖകൾ പൂർണ്ണമല്ല, മാർഗ്ഗരേഖാ നിബന്ധനകൾ പാലിച്ചിട്ടില്ല. | 1-25 |
| 26 | സർവ്വ ശിക്ഷാഅഭിയാന് തുക അധികം നൽകിയത് വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ് | 1-26 |
| 27 | പൊതുടാപ്പുകളുടെ എണ്ണം -സംയുക്ത പരിശോധന നടത്തേണ്ടതാണ് | 1-27 |
| 28 | വാർഡ് തല ശുചീകരണം-മുൻകൂർ തുക | 1-28 |

| | | |
|---|---|---|
| | നൽകിയത് ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കി | |
| 29 | പദ്ധതി മാർഗരേഖാവിരുദ്ധമായ ചെലവ്- തുക തടസ്സപ്പെടുത്തുന്നു. | 1-29 |
| 30 | ടെക്നിക്കൽ അസിസ്റ്റന്റ്-കൂടുതൽ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു. | 1-30 |
| 31 | അഗതി രഹിത കേരളം പദ്ധതി -കുടുംബശ്രീ അക്കൗണ്ടിൽ 16,37,659 രൂപ വിനിയോഗിക്കാതെ കിടക്കുന്നു. | 1-31 |
| 32 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ- ഔഷധിയ്ക്ക് നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല | 1-32 |
| 33 | വിവിധ സ്രോതസ്സിൽ നിന്നും ലഭിച്ച തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല. | 1-33 |
| 34 | ലൈഫ് ( എസ് സി )ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-34 |
| 35 | അങ്കണവാടി പോഷകാഹാരം-ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യാതെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു. | 1-35 |
| 36 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം -സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല. | 1-36 |
| 37 | ഹീമോഫീലിയ രോഗമുള്ള വ്യക്തിക്ക് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അനുവദിച്ചു. മാർഗ്ഗരേഖയിൽ വ്യവസ്ഥ ഇല്ല. | 1-37 |
| 38 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ വിഹിതം നൽകിയില്ല. | 1-38 |
| 39 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി-ഉത്തരവിന് വിരുദ്ധമായി പ്ളാൻ ഫണ്ട് ചെലവഴിച്ചു | 1-39 |
| 40 | നീന്തൽ പരിശീലനം (എസ്.സി.) - പരിശീലന സ്ഥാപനത്തിന് അധിക തുക അനുവദിച്ചു. | 1-40 |
| 41 | നീന്തൽ പരിശീലന പദ്ധതികൾ -അധിക തുക അനുവദിച്ചു | 1-41 |
| 42 | 10ാം ക്ളാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ- മാനദണ്ഡമില്ലാതെ പദ്ധതി നടപ്പിലാക്കി. | 1-42 |
| 43 | നൽകിയ തുകയ്ക്കുള്ള ടാർ ലഭ്യമാക്കിയില്ല | 1-43 |
| 44 | കരാർ വച്ച പണി പൂർത്തിയാക്കിയില്ല-പദ്ധതി രൂപീകരണത്തിലെ വീഴ്ച | 1-44 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| | വാർഷികധനകാര്യപത്രിക പരിശോധിച്ച് | 4-1 |

| | | |
|---|---|---|
| | സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | |
| | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| | സ്ഥിര നിക്ഷേപം | 4-6 |
| | ഓഡിറ്റ് റിക്കവറി | 4-7 |
| | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |
| | വാർഷികധനകാര്യപത്രികയുടെ സംക്ഷിപ്തം | അനുബന്ധം 2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27-3-2018തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 10-1-2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 18-6-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18987660 |
| വരവ് | 184679212 |
| ആകെ | 203666872 |
| ചെലവ് | 152613333 |
| നീക്കിയിരിപ്പ് | 51053539 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 30411189 | 30411189 | 30411189 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12944435 | 12944435 | 12944435 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 558072 | 558072 | 558072 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17960697 | 17960697 | 17960697 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4495512 | 4495512 | 4495512 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11016141 | 11016141 | 11016141 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 425 | 227541173 | 245 | 115098909 | 133 | 47 | 70 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46677 | 564461 | 611138 | 559700 | 51438 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 43204564 | 43204564 | 43204564 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 161640 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 12529800 | 687 |
| വിധവാപെൻഷൻ | 29786000 | 1698 |
| വാർദ്ധക്യകാലപെൻഷൻ | 76973900 | 4072 |
| വികലാംഗപെൻഷൻ | 9269900 | 506 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3449500 | 200 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-10-2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 85949/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൽ രേഖകൾ, രജിസ്റ്ററുകൾ എന്നിവ വൃത്തിയായും, കൃത്യമായും സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റികളിൽ, പദ്ധതി പൂർത്തിയാക്കി ആയതിന്റെ കൃത്യമായ ഒരു അവലോകനം നടത്തുന്നതായി കാണുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-2-2020 | ഡിസംബർ 2019 | 9-3-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-10-2018 | 2013-14 മുതൽ 2017-18 | |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.Advance collection of revenues-prop.tax on Res. Building എന്ന ലെഡ്ജറിൽ 31.3.2019ന് താഴെ പറയുന്ന തുകകൾ debit ചെയ്തിരിക്കുന്നു

| വൗച്ചർ നം | തിയതി | ഇനം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 41800472 | 31.3.19 | Interest from bank account | 19764 |
| 41800474 | 31.3.19 | Interest from bank account | 45778 |

19764/- രൂപ Advance collection of revenues-prop.tax on NonRes. Building എന്ന ലെഡ്ജറിൽ 31.3.2019ന് credit ചെയ്തിരിക്കുന്നു. മേൽ രേഖപ്പെടുത്തലുകൾ വിശദീകരിക്കേണ്ടതാണ്.

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി | ഡിമാന്റ്-(കളക്ഷൻ +മുൻകൂർ ക്രമീകരിച്ചത്) |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3330148 | 2935940 | 200592 | 204412 | 193616 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3328078 | 2916724 | 199771 | *221703 | 211583 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (232788/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്നല്ല ലഭിക്കുന്നത് |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി | ഡിമാന്റ്-(കളക്ഷൻ +മുൻകൂർ ക്രമീകരിച്ചത്) |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2684061 | 2462735 | 131328 | 105219 | 89998 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2693549 | 2444344 | 131777 | *84480 | 117428 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 88704 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്നല്ല ലഭിക്കുന്നത് |

## 2.2കുടിശ്ശിക

### 2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി | ഡിമാന്റ്-കളക്ഷൻ |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 864577 | 686034 | 205912 | 178543 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *784186 | 686034 | **198323 | 98152 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (278161+545234=823395/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (208239/105X100) | ഡിമാന്റ്-കളക്ഷൻ = ബാക്കി എന്നല്ല ലഭിക്കുന്നത് |

### 2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി | ഡിമാന്റ്-കളക്ഷൻ |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 833359 | 629221 | 212836 | 204138 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 908390 | 600445 | 212836 | 307945 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (237913.+715897.=953810/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (223641/105X100)=212991 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | ഡിമാന്റ്-കളക്ഷൻ = ബാക്കി എന്നല്ല ലഭിക്കുന്നത് |

## 2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 170537 | 46278 | 216815 | 149461 | 34858 | 184319 | 10593 | - | 10575 | 11129 | 21704 ("സഞ്ചയ" DCB പ്രകാരം 22819) |
| | നോൺ- | 137440 | 43419 | 180859 | 123871 | 31623 | 155494 | 6696 | - | 5340 | 11480 | 16820 |

| | | | | | | |
|---|---|---|---|---|---|---|
| | റെസിഡൻഷ്യൽ | | | | | (സഞ്ചയ" DCB പ്രകാരം 16997) |
| | ആകെ | 397674 | 339813 | 17289 | | 38524 (സഞ്ചയ" DCB പ്രകാരം 39816) |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 469214 | 335245 | | 445599 | 37870 |
| | | 88560+380654 = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 33304 | 35221 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 19843 | 22070 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ 307പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 28.1.2019നുമാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക

ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 335245/-രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 339813/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 445599/- രൂപയാണ്. (വൌച്ചർ 41800495/തീ 31.3.2019, ₹ 149230, വൗച്ചർ 41800499/തീ 31.3.2019, ₹ 129724/-, വൗച്ചർ 41800499/തീ 31.3.2019, ₹ 166645/-)

(പട്ടിക 2.3 കാണുക )

2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക കാണിച്ചിട്ടില്ല 2018-19 വർഷം ഈയിനത്തിൽ തുക ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 0 | 199771 |
| 2 | 350410104-Advance collection of revenues -Property tax on Non-Residential building | 0 | 131777 |

2.9.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു.അതിൽ 331548/-രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800493 | 31.3.2019 | 199771 |

2.9.2 നോൺ-റെസിഡൻഷ്യൽ

| | | | |
|---|---|---|---|

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800497 | 31.3.2019 | 131777 |

2.10 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)753372/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 35875/- (753372/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 37870/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent from Building | 145728 | 28.1.2019 | 41800166 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ജനന,മരണ,വിവാഹ രജിസ്ട്രേഷൻ രജിസ്റ്റർ

6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

8 ലേലം രജിസ്റ്റർ

4.1 – Development fund -general,maintenance grant road,general pupose fund എന്നിവ ACR മായി പൊരുത്തപ്പെടുന്നില്ല. Rp 31 പ്രകാരമുള്ള ഗ്രാന്റ് വരവിനങ്ങളുടെയും ബി ഫണ്ട് വരവിനങ്ങളുടെയും കൃത്യത പരിശോധനക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trad/prof | 104870 |
| 2 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 134550 |
| 3 | ബസ് സ്റ്റാന്റ് വരവ് | 350410204-Advance collection of revenues-bus stand receipt | 13750 |

6.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2019 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | 2018-19ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2019 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100101-Provision for Doubtful Receivable-property tax | (244935) | (153820) |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

7.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 207609 |
| 280100104-Prior period income-Property tax on non residential buildings | 139614 |
| 280200401-Prior period income-Other income | 11442 |
| 280800101-Prior period-establishment expenditure | 32328 |
| 280800301-Prior period -operation and maintenance | 121160 |
| 280800601-Prior period revenue grant and contribution | (1438506) |

8.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

9.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

10.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 32065879/- രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 39559517/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

11. 2018-19 വർഷത്തെ Income and expenditureപത്രിക പ്രകാരം 8884876/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ ജേണൽ വൗച്ചർ ,അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

12. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 11,30,976/-രൂപയുടെ നിക്ഷേപം കാണുന്നു.എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കിയിട്ടില്ല.

13.തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

14.സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

15.ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-12/B-18/B-11/B-14/B-5 പ്രകാരമുള്ള നീക്കിയിരിപ്പുതുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

16. 31/3/2018 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2019 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

17.1 TDCB own fund അക്കൗണ്ടിന്റെ മാർച്ച് 2019ലെ റീകൺസീലിയേഷൻ പത്രികപ്രകാരമുള്ള (cheque issued but not presented into bank) താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 21800233 | 8.6.18 | 800 |
| 21800156 | 10.5.18 | 1782 |
| 21700684 | 11.12.17 | 1782 |

| | | |
|---|---|---|
| 21700089 | 10.5.17 | 1782 |
| 31600314 | 21.2.17 | 223125 |

17.2 TDCB own fund അക്കൗണ്ടിന്റെ ഏപ്രിൽ /2018മുതൽ മാർച്ച് 2019വരെയുള്ള ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം “Cheques deposited but not credited” ആയി താഴെ പറയുന്ന തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 11605900015 | 16.11.16 | 1152 |
| 11605900016 | 16.11.16 | 7500 |
| 11605900017 | 16.11.16 | 675 |
| 11605900018 | 16.11.16 | 1932 |
| 11605900019 | 16.11.16 | 800 |
| 11605900020 | 16.11.16 | 1771 |
| 11605900021 | 16.11.16 | 400 |
| 11605900022 | 16.11.16 | 500 |
| 11605900023 | 16.11.16 | 1000 |
| 11605900001 | 16.11.16 | 1000 |

ബാങ്കിൽ നിക്ഷേപിച്ചിട്ട് നാളിതുവരെയും ക്യാഷ് ചെയ്യാത്തതിനാൽ ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

17.3 TDCB own fund അക്കൗണ്ടിന്റെ 4/2018 മുതൽ 31/3/2019 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ 191016/-രൂപ " Directly debited by bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

TDCB own fund അക്കൗണ്ടിന്റെ 5/2018 ലെ റീകൺസീലിയേഷൻ പത്രികയിൽ Directly debited by bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 304018/-രൂപ (വൗച്ചർ നം ഇല്ല/ തിയതി 31.5.2018)ബാങ്ക് പാസ്സ് ബുക്കിൽ ചെലവുകാണുന്നില്ല. 6/2018ലെ റീകൺസീലിയേഷൻ പത്രികയിൽനിന്നും ടി തുക ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിലും ബാങ്ക് ബുക്കിൽ ആയത് തൻമാസം ചെലവുകാണിച്ചിട്ടില്ല.

18. 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 78579/-രൂപയാണ്. ഈ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

19. Rp-32 പ്രകാരം വായ്പ ഇനത്തിൽ തൻവർഷം 72,00,000/-രൂപ kurdfcൽ നിന്നും വരവുണ്ട്. ഈ തുക 31/3/2019 ൽ തിരിച്ചടക്കാൻ ബാക്കിയുള്ളതായി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 ൽ ചേർത്തിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (കൂടാതെ Rp-32 പ്രകാരം 8,70,000/- രൂപ Hudco വായ്പയിനത്തിൽ വരവുണ്ട്. ആയത് ഗുണഭോക്താക്കളിൽ നിന്നുമുള്ള തിരിച്ചടവ് തനത് ഫണ്ടിൽ വരവുവച്ചതാണെന്നാണ് അറിയാനായത്.)

# 1-12 രസീതി പരിശോധന- അപാകതകൾ

1. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈബ്രറിയിലേക്ക് നല്കിയ രസീതി ബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. പഞ്ചായത്തിൽ നിന്നും വിതരണം ചെയ്ത രസീതു ബുക്കുകളിൽ പഞ്ചായത്തിന്റെ മുദ്ര പതിച്ചിട്ടില്ല.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

രസീത് ബുക്ക് നമ്പർ : 35010 - 1 മുതൽ 100 വരെയുള്ള രസീതികൾ
രസീത് ബുക്ക് നമ്പർ : 44621 - 1 മുതൽ 100 വരെയുള്ള രസീതികൾ

രസീത് ബുക്ക് നമ്പർ : 44624 – 1 മുതൽ 76 വരെയുള്ള രസീതികൾ

രസീത് ബുക്ക് നമ്പർ : 16944 - 1 മുതൽ 100 വരെയുള്ള രസീതികൾ

രസീത് ബുക്ക് നമ്പർ : 44607 - 1 മുതൽ 100 വരെയുള്ള രസീതികൾ

രസീത് ബുക്ക് നമ്പർ : 35006 - 1 മുതൽ 100 വരെയുള്ള രസീതികൾ

കേരളാ ട്രഷറി കോഡ് വോള്യം 1, ആർട്ടിക്കിൾ90 (b)കുറിപ്പ് 3 പ്രകാരം സ്ഥാപനത്തിന് ലഭ്യമായതും വിതരണം ചെയ്തതുമായ രസീതി പുസ്തകങ്ങളുടെ എണ്ണം സൂചിപ്പിക്കുന്ന സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതും കേരളാ ട്രഷറി കോഡ് , വോള്യം 1, ആർട്ടിക്കിൾ90 (b)കുറിപ്പ് 2 പ്രകാരം രസീത് ബുക്കുകളിൽ സ്ഥാപനത്തിന്റെ മുദ്ര പതിക്കേണ്ടതുമാണ്.

# 1-13 തൊഴിൽ നികുതി -കുറവ് വന്ന തുക ഈടാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (ഓഡിറ്റ് അന്വേഷണം നമ്പർ 4/16.10.2020) തുടർന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന ജീവനക്കാർക്കും അടവാക്കാത്ത സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകിയിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. സ്ഥാപനമേധാവികൾ സമർപ്പിച്ച തൊഴിൽനികുതി റിട്ടേണുകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | സി .എച്ച്.സി, മറ്റത്തൂർ | സുരേഷ്ബാബു. എൻ.ജി | I | 66894 | 600 | 450 | 150 |
| 2 | സബ് രജിസ്ട്രാർ ഓഫീസ്, കോടാലി | ലീല .പി.എ | I | 102605 | 1000 | 750 | 250 |
| 3 | സിൻഡിക്കേറ്റ് ബാങ്ക്, മറ്റത്തൂർ | സുമ.വി.എസ് | II | 104970 | 1000 | 750 | 250 |
| 4 | സിൻഡിക്കേറ്റ് ബാങ്ക്, മറ്റത്തൂർ | അമ്മിണി | II | 100686 | 1000 | 750 | 250 |
| 5 | ഷെൽട്ടർ ഫിനാൻസ് ലിമിറ്റഡ് | സന്ധ്യ | II | 52080 | 450 | 300 | 150 |
| 6 | ഷെൽട്ടർ ഫിനാൻസ് ലിമിറ്റഡ് | സംഗീത | II | 46200 | 450 | 300 | 150 |

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | പുതുക്കാട് ടൗൺ സഹകരണസംഘം, കോടാലി | I, II |
| 2 | ഇരിങ്ങാലക്കുട ടൗൺ കോപ്പറേറ്റീവ് ബാങ്ക് | II |
| 3 | മറ്റത്തൂർ വ്യാപാരി വ്യവസായി സഹകരണസംഘം | I ,II |

മേൽസൂചിപ്പിച്ച ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-14 ലൈസൻസ്

I) 31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് എന്നത് FACTEOS ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്.തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുള്ളതാകുന്നു. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുള്ളതും ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതുമാണ്.

II) വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 എന്നിവ പ്രകാരം വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

# 1-15 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ലൈവ് സ്റ്റോക്ക് ലൈസൻസ് രജിസ്റ്റർ , അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ ആകെ 6 ലൈവ് സ്റ്റോക്ക് ഫാമുകൾക്കാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടുള്ളത്. വെറ്ററിനറി സർജൻ ഹാജരാക്കിയ ലൈവ്സ്റ്റോക്ക് ഫാമുകളുടെ ലിസ്റ്റ് പ്രകാരം താഴെ പറയുന്ന ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

| പൗൾട്രി ഫാമുകൾ | |
|---|---|
| ക്രമ നമ്പർ | പേരും മേൽവിലാസവും |
| 1 | രാജേഷ്,പോതയിൽ,മാൻകുറ്റിപ്പാടം |
| 2 | ബൈജു , പാണപറമ്പിൽ,മറ്റത്തൂർ |
| 3 | സഹജൻ, തേമത്ത്,കടമ്പോട് |
| 4 | മൊയ്തു, കിളിയമണ്ണയിൽ, ഇഞ്ചക്കുണ്ട് |
| 5 | വർക്കി , നെടുമറ്റത്തിൽ, ഇഞ്ചക്കുണ്ട് |
| 6 | സനീഷ് , പോതയിൽ,കടമ്പോട് |
| 7 | ജോബി , മുല്ലക്കുന്നേൽ, ഇഞ്ചക്കുണ്ട് |
| 8 | അശോകൻ , മണ്ണാഡെൻ , ഇഞ്ചക്കുണ്ട് |
| 9 | സദാനന്ദൻ , കൊല്ലിക്കര, ചെമ്പുച്ചിറ |
| 10 | സുജിൻ ജോസഫ് , പാറത്തുകളങ്ങര , പോത്തൻചിറ |
| 11 | വേണു , കല്ലിങ്കൽ, കടമ്പോട് |
| 12 | സോജൻ , പടിഞ്ഞാറൂടൻ , അമ്പോളിയ |
| | |

| | |
|---|---|
| 13 | ജിജ്ജ , പടിഞ്ഞാറൂഡൻ , അമ്പോളിയ |
| 14 | ലിൻസി , പള്ളിപ്പാടൻ, മറ്റത്തുകുളങ്ങര |
| 15 | ബിജ്ജ , കുറവത്ത് , മാരിക്കിങ്ങൽ |
| 16 | പോൾസൺ , വെള്ളിയാടൻ , മറ്റത്തുകുളങ്ങര |

| പിഗ് ഫാം | |
|---|---|
| ക്രമനമ്പർ | പേരും മേൽവിലാസവും |
| 1 | സണ്ണി , വടക്കേടത്ത് , മുല്ലത്തുകുളങ്ങര |
| 2 | തോമസ് , കല്ലടയിൽ , ഒമ്പതുങ്ങൽ |
| 3 | ഏലിയാസ് , ചൊണ്ടാട്ട്, മൂന്നുമുറി |
| 4 | നാരായണൻ , കുളങ്ങരപറമ്പിൽ , പൊത്തൻചിറ |

| ഗോട്ട് ഫാം | |
|---|---|
| ക്രമനമ്പർ | പേരും മേൽവിലാസവും |
| 1 | വൽസല സുബ്രൻ , കാട്ടുങ്കൽ ,മൊണോടി |

| കാറ്റിൽ ഫാം | |
|---|---|
| ക്രമനമ്പർ | പേരും മേൽവിലാസവും |
| 1 | ഡോക്ടർ സെല്യൻ ഫാം, കുറിഞ്ഞിപ്പാടം, വെള്ളിക്കുളങ്ങര |
| 2 | ബേബി, കുന്നംപുറത്ത, ചൊക്കാന |
| 3 | ഗിരീഷ്, കുറവത്ത, മുരിക്കിങ്ങൽ |
| 4 | ജയിംസ് , കോയിക്കര, മുരിക്കിങ്ങൽ |
| 5 | ശശി, ചക്കമെള്ളിശ്ശേരി, മാൻകുറ്റിപ്പാടം |
| 6 | സദാനന്ദൻ, ചക്കമെള്ളിശ്ശേരി |
| 7 | രാജേഷ്, പോതയിൽ, മാൻകുറ്റിപ്പാടം |
| 8 | അനൂപ്, ചൂണ്ടാട്ട്, കുഞ്ഞാലിപ്പാറ |
| 9 | ജോൺ, ചേനത്തുപറമ്പിൽ, കോടാലി |
| 10 | മനേഷ്, പേരമാൻകുളം, കുഞ്ഞാലിപ്പാറ |
| 11 | ഷാജു, മുല്ലക്കുന്നേൽ, ഇഞ്ചക്കുണ്ട് |
| 12 | റോസറി ഹിൽ ആശ്രമം, കൊടുങ്ങ |
| 13 | വാവച്ചൻ, പുരയേടത്തിൽ, വെള്ളിക്കുളങ്ങര |

ലൈവ് സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യതയുളവാക്കുന്ന പ്രവൃത്തി ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് ചട്ടം 2പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. ചട്ടം 10 അനുവർത്തിക്കേണ്ടതുമാണ്. അഞ്ചിൽ കൂടുതൽ കന്നുകാലികൾ, 20ൽ കൂടുതൽ ആടുകൾ, അഞ്ചിൽ കൂടുതൽ പന്നികൾ, 25 ൽ കൂടുതൽ മുയലുകൾ, 100 ൽ കൂടുതൽ കോഴികൾ, എന്നിവയെ വളർത്തുന്ന ഓരോ ലൈവ് സ്റ്റോക്ക് ഫാമും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാകുന്നു. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ഗ്രാമപഞ്ചായത്തിലുണ്ടാകേണ്ടതാണ്. അനധികൃത പ്രവർത്തനങ്ങളെ കണ്ടെത്തേണ്ടതും ചട്ടപ്രകാരമുള്ളനടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-16 ലൈബ്രറി-പരാമർശങ്ങൾ

2018-19 സാമ്പത്തിക വർഷത്തെ വിതരണരജിസ്റ്റർ പരിശോധിച്ചതിൽനിന്നും 400 ൽ അധികം പുസ്തകങ്ങൾ തിരിച്ചുകിട്ടാനുള്ളതായി കാണുന്നു. പുസ്തകങ്ങൾ തിരിച്ചുകിട്ടുന്നതിനുവേണ്ട നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. പുതിയ പുസ്തകങ്ങളുടെ അപര്യാപ്തതമൂലം ജനങ്ങൾ ലൈബ്രറിയിലേക്ക് വരുന്നതിൽ വിമുഖത കാണിക്കുന്നതായി ലൈബ്രേറിയനിൽ നിന്നും അറിയാൻ കഴിഞ്ഞു. മൂന്ന് വർഷമായി ലൈബ്രറിയുടെ ഉന്നമനത്തിനായി യാതൊരുവിധ

പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. ലൈബ്രറിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കും ഉന്നമനത്തിലേക്കും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ 24 മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ഇ-ടെണ്ടർ ഫീസ് 92,400/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് അർഹതപ്പെട്ട തുകയായതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 ബിൽഡിങ്ങ് പെർമ്മിറ്റ് -കവറേജ് തെറ്റായി കണക്കാക്കി കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി.

ഫയൽ നമ്പർ-എ4-663/19

പെർമ്മിറ്റ് നമ്പർ-എ4-ബി4(37630)/2019/2.2.2019

ശ്രീ.ബിനോയ്, മുണ്ടക്കൽ (H), കോടാലി, ചെമ്പൂച്ചിറ എന്ന വ്യക്തിയുടെ സർവ്വേ നമ്പർ-596/5 ലെ 270.320എം2 വാണിജ്യ കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ കവറേജ് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) പ്രകാരം 59.86 ശതമാനം ആയി കണക്കാക്കിയാണ് പെർമ്മിറ്റ് അനുവദിച്ചിരിക്കുന്നത്. എന്നാൽ പ്ളിന്ത് ഏരിയ താഴെ പറയും പ്രകാരമാണ്.

സെല്ലാർ-61.05

ഗ്രൗണ്ട് ഫ്ളോർ-61.05

ഫസ്റ്റ് ഫ്ളോർ-74.11

സെക്കന്റ് ഫ്ളോർ-74.11

പ്ളോട്ടിന്റെ വിസ്തീർണ്ണം 101.98 എം2 ആണ്.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 ടേബിൾ 2 സബ് റൂൾ (2) പ്രകാരം കാറ്റഗറി 2 പഞ്ചായത്തുകളിൽ അനുവദനീയമായ കവറേജ് 60 ആണ്.റൂൾ 35(1) പ്രകാരം ഓരോ ഒക്യുപൻസിക്കും അനുവദനീയമായ കവറേജിന്റെ പരമാവധി ശതമാനം ഒരു കെട്ടിടത്തിന്റെ ഏതൊരു നിലയുടേയും പരമാവധി വിസ്തീർണ്ണത്തിൽ പരിമിതപ്പെടുത്തുന്നതാണ്, അതായത്

കവറേജ് = ഏതൊരു നിലയുടേയും പരമാവധി നിർമ്മിത വിസ്തീർണ്ണം/പ്ളോട്ട് വിസ്തീർണ്ണംx100

ഇവിടെ കവറേജ്= 74.11 /101.98x100=72.67%

ആയതു പ്രകാരം അനുവദനീയമായ കവറേജിലും അധികരിച്ച് കവറേജ് പ്രസ്തുത കെട്ടിടത്തിന് വരുന്നുണ്ട്. അത് ചട്ടത്തിന്റെ വ്യക്തമായ ലംഘനം ആണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(നമ്പർ-16/30.10.2020)

തെറ്റായി നൽകിയ പെർമ്മിറ്റ് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-19 ബിൽഡിങ്ങ് പെർമ്മിറ്റ് -സ്പെഷ്യൽ ടോയ്ലറ്റിനുള്ള വ്യവസ്ഥ ഇല്ലാത്ത കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകി.

എ) ഫയൽ നമ്പർ-എ4-8386/18

പെർമ്മിറ്റ് നമ്പർ-എ4-ബിഎ(76716)19/1.12.2018

ശ്രീമതി.ആശ,വെളിയൻ,പോട്ട

174.83 എം2 കമേഴ്സ്യൽ കെട്ടിടം

ബി)ഫയൽ നമ്പർ-എ4-2338/19

പെർമ്മിറ്റ് നമ്പർ-എ4-ബിഎ(13313)/2019/2.4.2019

ശ്രീമതി. നിമ്മി.പി.&ശ്രീ. സൂരജ്.,കണ്ണേക്കാട്ടിൽ,പാഡി,കോടാലി

216.83എം2 കമേഴ്സ്യൽ കെട്ടിടം

ബന്ധപ്പെട്ട പെർമ്മിറ്റ് ഫയലുകൾ പരിശോധിച്ചതിൽ പ്ളാനിലും ബിൽഡിങ്ങ് പെർമ്മിറ്റ് ചെക്ക് ലിസ്ററിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104(4) പ്രകാരമുള്ള 'സ്പെഷ്യൽ ടോയ്‌ലറ്റി'നുള്ള വ്യവസ്ഥ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (23/2.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ചട്ട പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-20 നായാട്ട്കുണ്ട് കുടിവെള്ളപദ്ധതി- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ടിൽനിന്നും 454/19 പ്രോജക്റ്റിൽ പഴയ മോട്ടോർ മാറ്റി പുതിയ മോട്ടോർ സ്ഥാപിക്കുന്നതിന് 28.03.2019ന് 174500 രൂപ ചെലവഴിച്ച് 17.5 HP മോട്ടോറും പമ്പ് സെറ്റും വാങ്ങിയിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ, പമ്പ് സെറ്റ് എന്നിവ ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 12/30.10.2020). ലേലം നടത്തിയതിന്റെ ഫയലുകൾ ലഭ്യമാക്കേണ്ടതാണ്.

# 1-21 കണ്ടിജൻസി ചെലവിനായി നൽകിയ തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്

കണ്ടിജൻസി ചെലവുകൾക്കായി 57/19 പ്രോജക്റ്റ് പ്രകാരം നൽകിയ താഴെ പറയുന്ന തുകകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ CHC- 18100 രൂപ<br>
HM GUPS ലൂർദ്ദ് പുരം- 17250 രൂപ<br>
(ബിൽ നം. 32/18-19, ₹134668 തിയ്യതി.29.01.19) ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

ജി.എൽ.പി.എസ്. കോടാലിയ്ക്ക് നൽകിയ 48500 രൂപയിൽ ചെലവഴിച്ച 28549 രൂപ കഴിച്ച് ബാക്കിയുള്ള 19951 രൂപ ഉൾപ്പെടെ 55301/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. 55301 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 21/30.10.2020)

# 1-22 ജില്ലാപഞ്ചായത്തിന് വിഹിതം നൽകിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുവിഭാഗം വികസനഫണ്ടിൽനിന്നും ജില്ലാപഞ്ചായത്തിന് നൽകിയ താഴെപ്പറയുന്ന തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി നമ്പർ | പദ്ധതി | ബിൽ നമ്പർ | തുക |
|---|---|---|---|
| 220/19 | വിജ്ഞാൻ സാഗർ വിഹിതം നൽകൽ | 07/18-19/21.06.2018 | 100000 രൂപ |
| 221/19 | സുശാന്തം വിഹിതം നൽകൽ | 8/18-19/23.06.18 | 50000 രൂപ |

ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് നൽകേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 26/02.11.2020)

## 1-23 പശുവളർത്തൽ -വനിത(പൊതു വിഭാഗം) പദ്ധതി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

തൊഴിൽരഹിതരായ വീട്ടമ്മമാർക്ക് കറവയുള്ള പശുവിനെ വിതരണം ചെയ്ത് അതിലൂടെ വരുമാനം ഉറപ്പുവരുത്തുന്നതിന് വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ പശുവളർത്തൽ -വനിത (പൊതു വിഭാഗം) പദ്ധതിയിൽ 37 ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതമായ സബ്സിഡി തുക 925000 രൂപ താഴെപ്പറയും വിധം ബാങ്കിലേയ്ക്ക് നൽകിയിട്ടുണ്ട്.

കൊടകര സർവ്വീസ് സഹകരണ ബാങ്ക്-100000

കേരള ഗ്രാമീൺ ബാങ്ക് മറ്റത്തൂർ-25000

വെള്ളിക്കുളങ്ങര സഹകരണ ബാങ്ക്-150000

സിന്റിക്കേറ്റ് ബാങ്ക് മറ്റത്തൂർ- 550000

SBI കോടാലി-75000

SBI കൊടകര-25000.

പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 775000 രൂപയും (വൗച്ചർ നം. 32/18-19/25.01.2019) തനത് ഫണ്ടിൽ നിന്നും 26.03.2019 ൽ 150000 രൂപയും ഗുണഭോക്തൃവിഹിതമായി 1475000 രൂപയും (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) ചെലവ് വന്നിട്ടുണ്ട്.

ബാങ്ക് ലോണിലൂടെയാണ് ഗുണഭോക്തൃവിഹിതം സ്വരൂപിച്ചിട്ടുള്ളതെന്ന് 13/30.10.2020 നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ പ്രോജക്റ്റിൽ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിയ്ക്കുന്നതായാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുക വരവ് വെച്ചതിന്റെയും പശുവിനെ വിതരണം ചെയ്തവർ തുക ബാങ്ക് അക്കൗണ്ടിലൂടെ കൈപറ്റിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-24 ശമ്പളപരിഷ്കരണ കുടിശ്ശിക ക്രമീകരിച്ചപ്പോൾ, വർദ്ധനവിനാനുപാതികമായി, പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

ശമ്പളപരിഷ്കരണ കുടിശ്ശികയുടെ നാലാം ഗഡു ജീവനക്കാർക്ക് പണമായി താഴെപ്പറയും വിധം അനുവദിച്ചപ്പോൾ ശമ്പളവർദ്ധനവിനാനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തിയതി | തുക | റിമാർക്സ് |
|---|---|---|
| 21800970/31.12.2018 | 194061 രൂപ | ജീവനക്കാരുടെ ശമ്പപരിഷ്കരണ കുടിശ്ശിക നാലാം ഗഡു |

വർദ്ധനവിനാനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 പദ്ധതി രൂപീകരണം,മോണിറ്ററിംഗ്- രേഖകൾ പൂർണ്ണമല്ല,മാർഗ്ഗരേഖാ നിബന്ധനകൾ പാലിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി രൂപീകരണം,മോണിറ്ററിംഗ് പദ്ധതിയിൽ 2018-19ൽ തനതുഫണ്ടിൽനിന്നും താഴെപ്പറയും വിധം 492570 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തിയ്യതി | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | 01.06.18 | 21800174 | 8820 |
| 2 | 01.06.18 | 21800175 | 14050 |
| 3 | 01.06.18 | 21800180 | 60400 |
| 4 | 14.06.18 | 21800246 | 35000 |
| 5 | 20.08.18 | 21800520 | 15792 |
| 6 | 07.08.18 | 21800507 | 87120 |

| | | | |
|---|---|---|---|
| 7 | 08.11.18 | 21800783 | 105178 |
| 8 | 30.11.18 | 21800861 | 7056 |
| 9 | 13.12.18 | 21800928 | 13300 |
| 10 | 13.12.18 | 21800929 | 40250 |
| 11 | 31.01.19 | 21801060 | 28224 |
| 12 | 27.02.19 | 21801228 | 29700 |
| 13 | 22.02.19 | 21801184 | 3500 |
| 14 | 20.03.19 | 21801299 | 6720 |
| 15 | 23.03.19 | 21801315 | 26460 |
| 16 | 26.03.19 | 21801346 | 11000 |
| ആകെ | | | ------------<br>492570 |

ഇതുമായി ബന്ധപ്പെട്ട 3216 നമ്പർ ഫയലും വൗച്ചറുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/ ത.സ്വ.ഭ.വ ,തിയ്യതി 29.01.2018 പ്രകാരം പദ്ധതി നിർവ്വഹണത്തിനും മോണിറ്ററിംഗിനുമായി ആകെ ചെലവാക്കാവുന്ന തുക 450000 രൂപയാണ്. ആയതിനാൽ അനുവദനീയമായതിലും 42570 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

ആകെ 347918 രൂപ ചെലവാക്കിയതിന്റെ രേഖകളാണ് പരിശോധനയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ കൃത്യത ഉറപ്പു വരുത്താൻ സാധിക്കുന്ന വിധത്തിൽ ഓരോ വൗച്ചറിലെയും സബ് വൗച്ചറുകൾ നമ്പറിട്ട് ആ വൗച്ചറിൽ വരുന്ന ആകെത്തുകയുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ഓരോ വൗച്ചറിലും ഈ സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മാർഗ്ഗരേഖയിൽ അനുവദിച്ചിട്ടുള്ളതിലും അധികം തുക ചെലവഴിച്ചതിനാലും ചെലവ് രേഖകൾ ഇല്ലാത്തതിനാലും (492500-347918) 144652 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 15/30.10.2020)

# 1-26 സർവ്വ ശിക്ഷാഅഭിയാന് തുക അധികം നൽകിയത് വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്

ജില്ലാ പ്രൊജക്ട് കോഓർഡിനേറ്റർ, സമഗ്ര ശിക്ഷാ കേരളയ്ക്ക് 2018-19ലെ ഗ്രാമപഞ്ചായത്ത് വിഹിതമായി 10/2018-19/23.06.18 വൗച്ചർ പ്രകാരം 10,00,000 രൂപയും 35/2018-19/28.02.2019 വൗച്ചർ പ്രകാരം 7,50,000 രൂപയും നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നൽകുന്ന 60% തുകയും തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന 40% തുകയും ഉപയോഗിച്ചാണ് സമഗ്ര ശിക്ഷാ കേരള പ്രവർത്തിക്കുന്നത്. സമഗ്ര ശിക്ഷാ കേരള ജില്ലാ പ്രോജക്ട് കോർഡിനേറ്റർ നൽകിയ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 2908433 രൂപയാണ്. ഇതിന്റെ 40 ശതമാനമായ 1163373 രൂപയാണ് ഗ്രാമപഞ്ചായത്ത് വഹിക്കേണ്ട തുക. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും നൽകിയ ഈ തുകയിൽ അധികമുള്ള 586627 രൂപ വരും വർഷങ്ങളിൽ ക്രമീകരിക്കുവാൻ സമഗ്ര ശിക്ഷാ കേരളയുമായി ബന്ധപ്പെട്ട് നടപടിസ്വീകരിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ 14/30.10.2020)

# 1-27 പൊതുടാപ്പുകളുടെ എണ്ണം -സംയുക്ത പരിശോധന നടത്തേണ്ടതാണ്

മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ, 510 പൊതുടാപ്പുകൾക്കായി, പ്രതിമാസം 223125/- രൂപ, വെള്ളക്കരം ഇനത്തിൽ, വാട്ടർ അതോറിറ്റിയിലേക്ക് അടക്കുന്നതായി കാണുന്നു. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്നത് ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും തന്നെ നൽകിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-28 വാർഡ് തല ശുചീകരണം-മുൻകൂർ തുക നൽകിയത്

## ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

വാർഡ് തല ശുചീകരണത്തിനായി, സി എച്ച് സി സൂപ്രണ്ടിന്റെ അപേക്ഷ പ്രകാരം, 23 വാർഡുകൾക്ക്, 10000/ രൂപാ വീതം, 230000/- രൂപ വൗച്ചർ നം.21800600, തിയതി.3-9-2018, പ്രകാരം വാർഡ്തല കൺവീനർമാരുടെ ബാങ്ക് എക്കൗണ്ടിലേക്ക് മുൻകൂർ ആയി നൽകിയിട്ടുണ്ട്. എന്നാൽ വാർഡ് തല ശുചീകരണത്തിനായി, തുക ചെലവഴിച്ച് മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 2,30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-29 പദ്ധതി മാർഗരേഖാവിരുദ്ധമായ ചെലവ്- തുക തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.227/19, ജീവിതശൈലീരോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ മൊത്തം ചെലവ്, 202574/- രൂപയാണ്. പദ്ധതിയിൽ ജീവിതശൈലീരോഗങ്ങളുടെ പരിശോധനയാണ് ഉദ്ദേശിച്ചിരുന്നത്. ഈ പദ്ധതിയിൽ, ലോക പ്രമേഹദിനത്തോടനുബന്ധിച്ച്, പ്രമേഹവും നിയന്ത്രണവും എന്ന വിഷയത്തിൽ ഒരു ക്ലാസ്സും, ഉപകരണങ്ങൾ വാങ്ങൽ, ട്രീറ്റ്മെന്റ് കാർഡ് മുതലായവയുടെ പ്രിന്റിംഗ് ചെലവ്, ക്യാൻസർരോഗ നിർണയക്യാമ്പ്, ജീവിതശൈലീ രോഗ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബോധവൽകരണ പരിപാടി എന്നിവയാണ് നടത്തിയിട്ടുള്ളത്.

ഇതിൽ ജീവിതശൈലീരോഗ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടിയ്ക്കായി, ബിൽ നം.4/18-19, dt.8-5-18 പ്രകാരം, 115000/- രൂപ പുത്തൂർക്കര കലാസാംസ്കാരിക വേദിയ്ക്ക് നൽകിയിട്ടുണ്ട്. മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങൾ ഉൾപ്പെടെ 23 വാർഡുകളിലെ വിവിധ പ്രദേശങ്ങളിൽ ജീവിതശൈലീ രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ആശയം ഉൾക്കൊണ്ട് ആരോഗ്യസന്ദേശ ബോധവൽകരണ പരിപാടികൾ നടത്തുന്നതിന്റെ ഭാഗമായി, ഈ സാംസ്കാരിക വേദി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ 39 വേദികളിൽ, ആരോഗ്യ ബോധവൽകരണ ഗാനങ്ങൾ, മാജിക് ഷോ, നാടൻപാട്ടുകൾ, ആരോഗ്യ സന്ദേശ ചോദ്യോത്തരി, ആരോഗ്യ സന്ദേശമുൾക്കൊള്ളുന്ന ലഘുനാടകം എന്നിവ അവതരിപ്പിച്ചതിനാണ് മേൽ തുക നൽകിയിട്ടുള്ളത്.

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗരേഖ, സർക്കാർ ഉത്തരവ്, (കൈ) നം.11/2018/ത സ്വഭവ, തിയതി. 29-1-2018 പ്രകാരം രോഗ പ്രതിരോധനടപടികൾ എന്നതിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ് എന്ന് പറയുന്നുണ്ടെങ്കിലും, ബോധവൽകരണ പരിപാടികൾ, സർവേകൾ, മറ്റ് വിവരശേഖരണം എന്നിവയ്ക്ക് മാത്രമായി പ്രോജക്ട് അനുവദനീയമല്ലെങ്കിലും, മറ്റൊരു പ്രോജക്ടിന്റെ അനിവാര്യ ഘടകമാണെങ്കിൽ മാത്രം ഇവ ഏറ്റെടുക്കാം എന്നാണ് പറയുന്നത്. മേൽ പരിപാടി പ്രോജക്ടിന്റെ ഒരു അനിവാര്യ ഘടകമായി ഓഡിറ്റ് വിലയിരുത്തുന്നില്ല. ഈ സാഹചര്യത്തിൽ പദ്ധതി മാർഗരേഖാ വിരുദ്ധമായ മേൽ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നതോടൊപ്പം, ഇത്തരം ചെലവുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-30 ടെക്നിക്കൽ അസിസ്റ്റന്റ്-കൂടുതൽ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു.

മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ്, ശ്രീ.സജൽ കെ സദാനന്ദന്റെ സേവന പുസ്തക പരിശോധനയിൽ, താഴെ പറയുന്ന രീതിയിൽ ആർജ്ജിതാവധി സറണ്ടർ ചെയ്തതായി കാണുന്നു.

| വർഷം | സറണ്ടർ ചെയ്ത ആർജ്ജിതാവധികളുടെ എണ്ണം |
|---|---|
| 2014-15 | 20 |
| 2015-16 | 20 |
| 2016-17 | 30 |

പരിമിതമായ കാലയളവിലേക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ അവധി സംബന്ധിച്ച ചട്ടങ്ങൾ, കേരളാ സർവീസ് റൂൾസ്, അനുബന്ധം VIII, ഖണ്ഡിക 1 പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഒരു വർഷം ആർജ്ജിക്കാവുന്ന പരമാവധി ആർജ്ജിതാവധി 15 ദിവസമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് (ഐ ബി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 5-1-2018ലെ ഐബി1/344/2016 ത സ്വ ഭ വ നമ്പർ കത്തിലും, 29-9-2018ലെ ഐ ബി1/34/2019, ത.സ്വ.ഭ.വ. നമ്പർ കത്തിലും ഈ കാര്യം വിശദീകരിച്ചിട്ടുള്ളതാണ്.

കരാർ ജീവനക്കാരുടെ ആർജ്ജിതാവധി 15ൽ പരിമിതപ്പെടുത്തണമെന്നിരിക്കെ, അധികമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പരിശോധന നടത്തി തിരികെ ഈടാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-31 അഗതി രഹിത കേരളം പദ്ധതി -കുടുംബശ്രീ അക്കൗണ്ടിൽ 1637659/- രൂപ വിനിയോഗിക്കാതെ കിടക്കുന്നു.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ അഗതി രഹിത കേരളം പദ്ധതിയ്ക്കായി, വൗ.നം. 14/18-19/31.08.2018 പ്രകാരം 6,00,000/- രൂപ കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഈ തുക ഉൾപ്പെടെ 1637659/- രൂപ കുടുംബശ്രീയുടെ, സിൻഡിക്കേറ്റ് ബാങ്കിന്റെ മറ്റത്തൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നു. തുക ചെലവഴിയ്ക്കാതിരിയ്ക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്. അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ടി തുക എത്രയും പെട്ടെന്ന് വിനിയോഗിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 10/30.10.2020)

# 1-32 ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ-ഔഷധിയ്ക്ക് നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിൽ നിന്നും വൗച്ചർ നം. 40/18-19/16.03.2019 പ്രകാരം 350000/- രൂപയും വൗച്ചർ നം. 46/18-19/16.03.2019 പ്രകാരം 350000/- രൂപയും ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ രണ്ട് സപ്ലൈ ഓർഡറുകളിലായി 686004/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 13996/- രൂപയ്ക്ക് കൂടി മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 08/30.10.2020 )

# 1-33 വിവിധ സ്രോതസ്സിൽ നിന്നും ലഭിച്ച തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

2018-19 ലെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഫണ്ട് | 31.3.2019 ലെ ബാലൻസ് | 2.11.2020ലെ ബാലൻസ് |
|---|---|---|---|
| 320100116 | സർവ്വ ശിക്ഷ അഭിയാൻ | 25257 | 25257 |
| 320100126 | പൈക്ക | 511304 | 511304 |
| 320200305 | ട്രൈബൽ ഡെവലപ്മെന്റ് ഫണ്ട് | 599052 | 599052 |
| 320200307 | MLASDF | 58820 | 58820 |
| 320200309 | സാക്ഷരത | 81933 | 89317 |
| 320200322 | ശുചിത്വ മിഷൻ | 1810759 | 1810759 |

| | | | |
|---|---|---|---|
| 320300199 | വിമുക്തി | 56740 | 57240 |
| 320900101 | നിർമ്മൽ പുരസ്കാർ | 287500 | 287500 |

മേൽ തുകകളിൽ സാക്ഷരത ഫണ്ട് ഒഴികെ ഉള്ളവ തനത് ഫണ്ട് അക്കൗണ്ടിലും സാക്ഷരത ഫണ്ട് പ്രത്യേക അക്കൗണ്ടിലുമാണ് സൂക്ഷിച്ചിരിക്കുന്നത്.

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഏതാവശ്യത്തിനാണോ ലഭ്യമായത് പ്രസ്തുത ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

# 1-34 ലൈഫ് (എസ്.സി.) ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

പദ്ധതി നമ്പർ-93/19

നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ-കോടാലി സർക്കിൾ

ബിൽ നമ്പർ-12/27.2.2019-240000/-

ശ്രീമതി.സംഗീതരതീഷ്, പള്ളത്ത് മഠം, കോടാലി, പാഡി എന്ന വ്യക്തി ലൈഫ് ( എസ് സി )ഭവന നിർമ്മാണ പദ്ധതിൽ ആദ്യ ഗഡു കൈപ്പറ്റിയ ശേഷം (40000/- രൂ) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 29.11.2019 ലെ2/3 തീരുമാന പ്രകാരം ലൈഫ് മിഷന് റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-35 അങ്കണവാടി പോഷകാഹാരം-ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യാതെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐസിഡിഎസ് സൂപ്പർവൈസർ

പദ്ധതി നമ്പർ-29/19 (പുതിയത്)

പദ്ധതി നമ്പർ-388/19(സ്പിൽ ഓവർ)

അങ്കണവാടി പോഷകാഹാരം എന്ന പേരിൽ നടപ്പിലാക്കിയ രണ്ട് പദ്ധതികളുടെ വിശദാംശം താഴെ ചേർക്കുന്നു..

1) .പദ്ധതി നമ്പർ-29/19

| അടങ്കൽ | ചെലവ് |
|---|---|
| പ്ളാൻഫണ്ട്-2500000/- | പ്ളാൻഫണ്ട്-2500000/- |
| കേന്ദ്രഫണ്ട്-3000000/- | കേന്ദ്രഫണ്ട്-2806428/- |
| തനത്ഫണ്ട്-500000/- | തനത്ഫണ്ട്-500000/- |
| 60,00,000/- | 57,63,288/- |

2). പദ്ധതി നമ്പർ-388/19

| അടങ്കൽ | ചെലവ് |
|---|---|
| പ്ളാൻഫണ്ട്-5325/- | പ്ളാൻഫണ്ട്-5308/- |
| കേന്ദ്രഫണ്ട്-1361434/- | കേന്ദ്രഫണ്ട്-901501/-/- |
| തനത്ഫണ്ട്-57167/- | തനത്ഫണ്ട്-0/- |
| 14,23,926/- | 906809/- |

2018-19 ൽ അങ്കണവാടി പോഷകാഹാരത്തിനായി രണ്ട് പദ്ധതികളിലായി 43,61,434/-രൂ കേന്ദ്ര വിഹിതം ഉൾപ്പെടുത്തുകയും 37,07,929/-രൂ ചെലവായി സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ 2017-18

ലെ ബാലൻസ് ഷീറ്റ് പ്രകാരം കേന്ദ്ര ഫണ്ടിന്റെ ബാലൻസ് 118735 രൂപയും 2018-19 ലെ രസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരം വരവ് 1478726/-രൂപയും ആണ്. അതായത് 2018-19 ൽ ലഭ്യമായിരുന്ന കേന്ദ്ര ഫണ്ട് 1597461/- രൂ മാത്രമായിരിക്കെ 43,61,434/-രൂ അടങ്കലും 3707929/-രൂ ചെലവും കേന്ദ്ര ഫണ്ടിനത്തിൽ കാണിച്ചതിൽ നിന്ന് കേന്ദ്ര ഫണ്ടിനു പകരം തനത് ഫണ്ട് ഉപയോഗിച്ചു എന്നത് വ്യക്തമാണ്. ലഭ്യമായ ഫണ്ടിനേക്കാളും അധികരിച്ച് 2110468/-രൂ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ താഴെ പറയും പ്രകാരം അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1.) ലഭ്യമല്ലാത്ത ഫണ്ട് പദ്ധതിക്കായി വകയിരുത്തി.വ്യക്തമായ ആസൂത്രണത്തിന്റെ അഭാവമാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്.എത്ര തുക നീക്കിയിരുപ്പായി ഉണ്ട്, എത്ര തുക ലഭിക്കും എന്നീ വിവരങ്ങൾ വിലയിരുത്താതെയാണ് വൻ തുക കേന്ദ്ര വിഹിതമിനത്തിൽ അടങ്കലായി ഉൾപ്പെടുത്തിയത്.

2.) അടങ്കലായി ഉൾപ്പെടുത്തിയ തുക ലഭ്യമല്ലാത്ത സാഹചര്യത്തിൽ പദ്ധതി റിവൈസ് ചെയ്യാതെ തെറ്റായ രീതിയിൽ ചെലവ് കാണിച്ചു.

3) സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി.29.1.2018 പദ്ധതി മാർഗ്ഗരേഖ ഉത്തരവിലെ ഉ.5.1(3) പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് പ്രൊജക്ടുകൾ ചെയ്യുവാൻ പാടില്ല. അതായത് പദ്ധതിയുടെ ഭാഗമായി അംഗീകാരം വാങ്ങാതെ തനത് ഫണ്ട് ചെലവഴിച്ചു.

4) തനത് ഫണ്ടിൽ നിന്ന് ഇത്ര വലിയ തുക അങ്കണവാടി പോഷകാഹാരത്തിനായി ചെലവഴിക്കുവാൻ ബഡ്ജറ്റിൽ പ്രൊവിഷൻ കാണിച്ചിരുന്നില്ല. ബഡ്ജറ്റിനു വിരുദ്ധമായി തുക ചെലവഴിച്ചത് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214(6) ന വിരുദ്ധമാണ്. ഈ നടപടിയെ സാധൂകരിക്കുന്ന കമ്മറ്റി തീരുമാനമൊന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-18/30.10.2020 ന മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യാതെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 21,10,468/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-36 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം -സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല.

പദ്ധതി നമ്പർ-389/19

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ-29/30.3.2019/80010/-രൂ

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് 22/2018/തസ്വഭവ/14.2.2018 ഖ.7.1.2 എ6 പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കുന്നതിന് ലേണേഴ്സ് ലൈസൻസ് ഉണ്ടായിരിക്കണം. എന്നാൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീ.ടി.ടി.സത്യൻ എന്ന വ്യക്തി നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. 24.7.2019ൽ ടിയാൻ വാഹനം രജിസ്റ്റർ ചെയ്തിട്ടുണ്ട്.(KL64 H 6583). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/02.11.20) മറുപടിയായി ടിയാൻ 6 മാസത്തിനകം ലൈസൻസ് എടുക്കാം എന്ന സത്യവാങ്ങ് മൂലം നൽകിയതിനാലാണ് വാഹനം നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ മാർഗ്ഗരേഖ ഉത്തരവിൽ ഇത്തരം സത്യവാങ്ങ് മൂലം വാങ്ങി വാഹനം അനുവദിക്കാം എന്ന് നിർദ്ദേശമില്ലാത്തതിനാൽ ടിയാൻ ലൈസൻസ് ഹാജരാക്കുന്നതുവരെ ചെലവ് തുക 80010/- തടസ്സപ്പെടുത്തുന്നു.

ഉത്തരവ് കൃത്യമായി പാലിക്കാത്തതിനാൽ നൽകിയ വാഹനം 1 വർഷത്തിലധികമായി ഉപയോഗമില്ലാതിരിക്കുന്നത് നീതീകരിക്കാവുന്നതല്ല. പദ്ധതി പണത്തിന്റെ ദുർവ്യയത്തിനിടയാക്കുന്ന ഇത്തരം പ്രവൃത്തികൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-37 ഹീമോഫീലിയ രോഗമുള്ള വ്യക്തിക്ക് ശാരീരിക

# മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അനുവദിച്ചു.മാർഗ്ഗരേഖയിൽ വ്യവസ്ഥ ഇല്ല.

പദ്ധതി നമ്പർ-39/19

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

| ബിൽ നമ്പർ | തുക |
|---|---|
| 24/25.2.2019 | 89740/- |
| 25/25.2.2019 | 1157100/- |
| 26/7.3.2019 | 253160 |
| 28/22.3.2019 | 24000/- |

മേൽ പദ്ധതിയിൽ ശ്രീ.ഷിനമോൻ.കെ.എസ്, കുരിശിങ്കൽ, വെള്ളിക്കുളങ്ങര എന്ന കുട്ടിക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ടിയാന് ഹീമോഫീലിയ എന്ന രോഗത്തിന്റെ സർട്ടിഫിക്കറ്റ് ആണ് ഉള്ളത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ ഈ രോഗമുള്ള വ്യക്തിക്ക് സ്കോളർഷിപ്പ് നൽകാം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് 22/2018/തസ്വഭവ/14.2.2018 ഖ.7 .1.1 (3) പ്രകാരം കുറഞ്ഞത് 40 ശതമാനം വൈകല്യമുള്ള വ്യക്തികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കാവുന്നത് എന്നിരിക്കെ ജനിതക വൈകല്യമായ ഹീമോഫീലിയ രോഗമുള്ള വ്യക്തികളെ സ്കോളർഷിപ്പിന് പരിഗണിക്കാം എന്നതിനാധാരമായ ഉത്തരവുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/2.11.2020) വ്യക്തമായ മറുപടി ഹാജരാക്കിയില്ല.

# 1-38 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ വിഹിതം നൽകിയില്ല.

പദ്ധതി നമ്പർ-39/19

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

<u>ചെലവ്</u>

പ്ളാൻ-1524000/-

തനത് ഫണ്ട്-50000/-

ബ്ളോക്ക് പഞ്ചായത്ത്-258500/-

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് 22/2018/തസ്വഭവ/14.2.2018 ഖ.7.1.6.ബി പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 28500/- രൂ സ്കോളർഷിപ്പിന് അർഹത ഉണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും തൻ വർഷം 22764/- രൂ ആണ് അനുവദിച്ചിരിക്കുന്നത്. ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് വിഹിതം നൽകിയത് പരിശോധിക്കുന്നതിന് ആകെ വിഹിതത്തിന്റെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ പരിശോധിക്കാനായില്ല. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ വിഹിതം ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-39 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി-ഉത്തരവിന് വിരുദ്ധമായി പ്ളാൻ ഫണ്ട് ചെലവഴിച്ചു

പദ്ധതി നമ്പർ-213/19

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ് ജി.എൽ .പി.എസ് മറ്റത്തൂർ

ബിൽ നമ്പർ-12/6.3.2019-99000/-രൂ പ്ലാൻഫണ്ട്

തനത് ഫണ്ട് -1000/-രൂ

സ.ഉ.(സാധാ) നം.3/2012/തസ്വഭവ 2.1.2012 പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി 50000-രൂ വരെ തനത് ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം പ്ളാൻ ഫണ്ടിൽ നിന്നും99000/-രൂ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്ന ജി എച്ച് എസ് ചെമ്പൂച്ചിറക്ക് യൂണിഫോം വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച പ്ളാൻ ഫണ്ട് തുക 99000/-രൂ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ്എൻക്വയറി നമ്പർ-2/14.10.2020)

# 1-40 നീന്തൽ പരിശീലനം (എസ്.സി.) - പരിശീലന സ്ഥാപനത്തിന് അധിക തുക അനുവദിച്ചു.

പദ്ധതി നമ്പർ-410/19

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ് ജി.എൽ .പി.എസ് മറ്റത്തൂർ

ബിൽ നമ്പർ-9/16.3.2019-44800/-രൂ (IT കുറവ് ചെയ്ത് 43904/-രൂ)

പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ എസ് സി കുട്ടികളുടെ നീന്തൽ പരിശീലനത്തിനായി ജീവൻ രക്ഷാ സ്വിമ്മിങ്ങ് അക്കാദമി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും 100 പേർക്ക് 8000രൂ നിരക്കിൽ 10 ദിവസത്തെ പരിശീലനം ഓരോ കുട്ടിക്കും നൽകും എന്നാണ് സ്ഥാപനം അറിയിച്ചത്. എന്നാൽ അറ്റൻഡൻസ് പരിശോധിച്ചതിൽ എസ് സി കുട്ടികൾ ആകെ 23 പേർക്കാണ് പരിശീലനം നൽകിയിരിക്കുന്നത്. ആയതിൽ 15 പേരും ഒന്നോ രണ്ടോ ദിവസം മാത്രമാണ് പരിശീലനത്തിനായി ഹാജരായിട്ടുള്ളത്. ഒരു ദിവസം 100 പേർക്ക് 8000രൂ എന്ന നിരക്കിൽ ഒരു കുട്ടിക്ക് ഒരു ദിവസം വരുന്ന ചെലവ് 80 രൂപയാണ്. 23 കുട്ടികളും കൂടി ആകെ പരിശീലനത്തിനായി ഹാജരായിരിക്കുന്നത് 54 ദിവസം മാത്രമാണ്. അതായത് 54x80= 4320/-രൂ ആണ് ആകെ നൽകാവുന്നത്. എസ് സി കുട്ടികളുടെ അറ്റൻഡൻസ് പ്രത്യേകമായി സ്ഥാപനം നൽകിയിട്ടില്ല. സ്കൂളുകൾ നൽകിയ ലിസ്റ്റിൽ നിന്നും എസ് സി കുട്ടികളുടെ പേര് വിവരം ജനറൽ വിഭാഗം, എസ് സി വിഭാഗം എന്നിവർക്ക് മൊത്തമായി നൽകിയ അറ്റൻഡൻസുമായി താരതമ്യപ്പെടുത്തിയാണ് എസ് സി കുട്ടികളുടെ ഹാജർ കണക്കാക്കിയത്. ഒരു കുട്ടിക്ക് 10 ദിവസത്തെ പരിശീലനം വേണമെന്നാണ് സ്ഥാപനം അറിയിച്ചത്. ഈ സാഹചര്യത്തിൽ ഒന്നോ രണ്ടോ ദിവസം മാത്രം ഹാജരായ കുട്ടികൾ പരിശീലനത്തിന്റെ ലക്ഷ്യം നേടിയിട്ടില്ല എന്നത് വ്യക്തമാണ്. പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഫയലിൽ ഇല്ല. ആയതിനാൽ എന്തടിസ്ഥാനത്തിൽ ആണ് എസ് സി പദ്ധതിക്കായി 44800/- രൂപ സ്ഥാപനത്തിന് നൽകിയത് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-2/14.10.2020) നൽകിയ മറുപടി തൃപ്തികരമല്ല. എസ് സി വിഭാഗക്കാർക്ക് വേണ്ടി മാത്രം ചെലവഴിക്കേണ്ട ഫണ്ട് വ്യക്തമായ മാനദണ്ഡമില്ലാതെ ചെലവഴിച്ചത് വിശദമായ അന്വേഷണം നടത്തി അധിക തുക ഈയിനത്തിൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-41 നീന്തൽ പരിശീലനം പദ്ധതികൾ അധിക തുക അനുവദിച്ചു

പദ്ധതി നമ്പർ-200/19 ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ് ജി.എൽ .പി.എസ് മറ്റത്തൂർ

ബിൽ നമ്പർ-11/19.3.2019-179200 (IT കുറവ് ചെയ്ത് 175616)

16/22.3.2019-20800/-രൂ. (IT കുറവ് ചെയ്ത് 18175/-)

പദ്ധതി നമ്പർ-410/19 എസ് സി

ബിൽ നമ്പർ-9/16.3.2019-44800/-

പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ ജനറൽ & എസ് സി വിഭാഗം കുട്ടികളുടെ നീന്തൽ പരിശീലനത്തിനായി ജീവൻ രക്ഷാ സ്വിമ്മിങ്ങ് അക്കാദമി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു. 100 പേർക്ക് 8000 രൂ നിരക്കിൽ 10 ദിവസത്തെ പരിശീലനം ഓരോ കുട്ടിക്കും നൽകും എന്നാണ് സ്ഥാപനം അറിയിച്ചത്. ഫയൽ പരിശോധിച്ചതിൽ 2 പദ്ധതികളും ഒരുമിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്. ഒരൊറ്റ അറ്റൻഡൻസ് ആണ് ഹാജരാക്കിയിട്ടുള്ളത്. 3 സ്കൂളുകളിലെ 8, 9, 10

ക്ളാസ്സുകളിലെ കുട്ടികൾക്ക് ആണ് പരിശീലനം നൽകിയിട്ടുള്ളത്. പരിശീലന തീയതികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | തീയതി | പങ്കെടുത്ത കുട്ടികളുടെ എണ്ണം |
|---|---|---|
| ശ്രീനാരായണ വിദ്യാമന്ദിർ കോടാലി | 26.2.2019 | 32 |
| | 27.2.2019 | 42 |
| | 28.2.2019 | 43 |
| | 1.3.2019 | 42 |
| | 2.3.2019 | 44 |
| | തീയതി രേഖപ്പെടുത്താതെ ഒരു ദിവസം | 37 |
| ശ്രീകൃഷ്ണ സ്കൂൾ മറ്റത്തൂർ 10ാം ക്ളാസ്സ് | 7.2.2019 | 115 |
| | 8.2.2019 | 107 |
| | 9.2.2019 | 66 |
| | 11.2.2019 | 55 |
| | തീയതി രേഖപ്പെടുത്താതെ ഒരു ദിവസം | 23 |
| ,, 9ാം ക്ളാസ്സ് | 14.2.2019 | 26 |
| | 15.2.2019 | 51 |
| | 16.2.2019 | 27 |
| | 18.2.2019 | 17 |
| | 19.2.2019 | 7 |
| | 20.2.2019 | 16 |
| | 21.2.2019 | 14 |
| ജി എച്ച്എസ് ചെമ്പൂച്ചിറ 8,9,10 ക്ളാസുകൾ | 28.1.2019 | 75 |
| | 29.1.2019 | 44 |
| | 30.1.2019 | 47 |
| | 31.1.2019 | 71 |
| | 1.2.2019 | 59 |
| | 2.2.2019 | 45 |
| | 4.2.2019 | 59 |
| | 5.2.2019 | 45 |

അറ്റൻഡൻസ് പരിശോധിച്ചതിൽ തീയതി രേഖപ്പെടുത്താത്ത രണ്ടു ദിവസം ഉൾപ്പെടെ സ്ഥാപനം ആകെ 26 ദിവസം ആണ് പരിശീലനം നൽകിയിരിക്കുന്നത്. എന്നാൽ 2 പദ്ധതികളിലുമായി 28 ദിവസത്തെ പരിശീലനത്തിനുള്ള തുകയായ 224000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ജനറൽ 179200&എസ് സി 44800). പദ്ധതിയുടെ മോണിറ്ററിങ്ങ് ഫയലിൽ ഇല്ല. ആകെ 2 ദിവസം മാത്രമാണ് 100 പേരിലധികം കുട്ടികൾ പരിശീലനം നടത്തിയിരിക്കുന്നത്. മറ്റ് ദിവസങ്ങളിൽ 100 പേരിൽ താഴെ കുട്ടികൾ മാത്രമാണ് പരിശീലനം നടത്തിയിരിക്കുന്നത്. ഒരു കുട്ടിക്കു പോലും 10 ദിവസത്തെ പരിശീലനം ഉറപ്പുവരുത്തിയിട്ടുമില്ല. വ്യക്തമായ മാനദണ്ഡങ്ങളോ പരിശോധനയോ കൂടാതെ സ്ഥാപനത്തിന് നൽകിയ 2 ദിവസത്തെ പരിശീലനത്തുക 8000x2=16000/- അധികം നൽകി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (2/14.10.2020)ക്ക് നൽകിയ മറുപടി തൃപ്തികരമല്ല.

ബി) വ്യക്തതയില്ലാത്ത ബില്ലിന് ഭക്ഷണത്തുക അനുവദിച്ചു.

അരുൺ ഹോട്ടൽ ആന്റ് കൂൾബാർ എന്ന സ്ഥാപനത്തിന്റേതായി നൽകിയ ഭക്ഷണത്തിന്റെ ബില്ലിൽ ശ്രീ.ഉണ്ണികൃഷ്ണൻ എ.എ എന്ന വ്യക്തിക്ക് 18175/-രൂ നൽകി. എന്നാൽ ബില്ലിൽ എത്ര പേർക്ക് എന്തു ഭക്ഷണം നൽകി എന്നതിൽ വ്യക്തതയില്ല.

കൃത്യമായ മോണിറ്ററിങ്ങ് പദ്ധതിയിന്മേൽ നടത്താത്തതിനാൽ പദ്ധതി ലക്ഷ്യം എത്രത്തോളം നേടി എന്നത് വ്യക്തമല്ല.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ മാർഗ്ഗരേഖക്കും ബന്ധപ്പെട്ട ഉത്തരവുകൾക്കും അനുസൃതമായും ആസൂത്രണത്തോടേയും സുതാര്യത ഉറപ്പുവരുത്തുന്ന രീതിയിലും ആയിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

തൃപ്തികരമായ മറുപടിയുടെ അഭാവത്തിൽ സ്ഥാപനത്തിന് പരിശീലനമിനത്തിൽ അധികം നൽകിയ 16000 രൂപയും ഭക്ഷണ ചെലവായ 18175 രൂപയും തടസ്സപ്പെടുത്തുന്നു. (ആകെ 34175രൂ)

# 1-42 10ാം ക്ളാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ -മാനദണ്ഡമില്ലാതെ പദ്ധതി നടപ്പിലാക്കി.

പദ്ധതി നമ്പർ-406/19 എസ് സി &എസ് ടി-407/19
നിർവ്വഹണ ഉദ്യോഗസ്ഥ- ഹെഡ്മിസ്ട്രസ് ജി.യു.പി.എസ് മറ്റത്തൂർ
ബിൽ നമ്പർ-5.11.2019-151610 രൂ എസ് സി
പേമെന്റ് വൗച്ചർ നമ്പർ- 3910 രൂ എസ് ടി

2017-18 ൽ ഇതേ പേരിൽ നടപ്പിലാക്കിയ എസ് സി (273/18 ) പദ്ധതിയുടേയും എസ് ടി (274/18) പദ്ധതിയുടേയും ബാലൻസ് തുകകളായ യഥാക്രമം 217040/- രൂപ, 90060/- രൂപ അടങ്കലായി 2018-19 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പദ്ധതി ഫോറത്തിൽ പദ്ധതികൾ സ്പിൽ ഓവറാക്കുന്നതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല.

2. പദ്ധതികൾക്ക് 2018-19 ൽ പുതിയ ടെണ്ടർ ക്ഷണിച്ചാണ് പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്.28.11.2018 ൽ ടെണ്ടർ ഫോറം നൽകുകയും 12.12.2018 ൽ സ്വീകരിക്കുകയും അതേ ദിവസം ടെണ്ടർ തുറക്കുകയും ചെയ്തു. 24.12.2018 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(1) തീരുമാന പ്രകാരം ടെണ്ടർ അംഗീകരിച്ചു. 3.1.2019 ന് സപ്ളൈ ഓർഡർ നൽകി.

3.സ്കൂളുകളിൽ നിന്നുള്ള സാക്ഷ്യപത്ര പ്രകാരം കുട്ടികൾ എല്ലാം തന്നെ 2018-19 ൽ 10ാം ക്ളാസ്സിൽ പഠിക്കുന്നവരാണ്. ഉദാഹരണം

എ)ആഷിക്ക് .ടി.എസ് ശ്രീകൃഷ്ണ സ്കൂൾ മറ്റത്തൂർ എസ് സി

ബി)വിജേഷ് വേലായുധൻ ,, ,,

സി) അക്ഷയ് .ടി.എസ് ,, ,,

ഡി) സഞ്ജയ് കൃഷ്ണ ,ജിഎൻബിഎച്ച്എസ് കൊടകര,, ,,

അതായത് 2017-18 ൽ 9ാം ക്ളാസ്സിൽ പഠിച്ചതിനാൽ സൈക്കിളിന് യോഗ്യത ഉണ്ടാകാതിരുന്ന കുട്ടികളാണ് ഇവർ എന്നത് വ്യക്തമാണ്.

5.ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6.2018-19 ലെ പദ്ധതി മാർഗ്ഗരേഖ ഉത്തരവിലോ സബ്സിഡി മാർഗ്ഗരേഖ ഉത്തരവിലോ സൈക്കിൾ നൽകുവാൻ വ്യവസ്ഥ ഇല്ല എന്നിരിക്കെ സ്പിൽ ഓവർ എന്ന പേരിൽ പ്രൊജക്ടുകൾ തയ്യാറാക്കുകയും പുതിയ പ്രൊജക്ടുകളായി നടപ്പിലാക്കുകയുമാണ് ചെയ്തിരിക്കുന്നത്. മുൻ വർഷത്തെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ പ്രകാരം മാർഗ്ഗരേഖക്ക് വിരുദ്ധമായി മാനദണ്ഡങ്ങൾ കൂടാതെ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത് തൃപ്തികരമല്ല.(നമ്പർ-2/14.10.2020)

ചെലവ് തുക 155520/- രൂ (151610+3910 രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-43 നൽകിയ തുകയ്ക്കുള്ള ടാർ ലഭ്യമാക്കിയില്ല

2017-18, 2018-19ലെ ടാറിംഗ് പണികൾക്കായി മറ്റത്തൂർ പഞ്ചായത്തിൽ, വിവിധ മരാമത്ത് ബില്ലുകളിൽ ഉൾപ്പെടുത്തി, BPCL, HINDCOL എന്നിവിടങ്ങളിലേക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ രണ്ട് സ്ഥാപനങ്ങളിൽ നിന്നും മുഴുവൻ തുകയ്ക്കുള്ള ടാർ ലഭിച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | കൊടുത്ത തുക | ടാർ ലഭിച്ചത് | ബാക്കി തുക |
|---|---|---|---|
| BPCL | 9940038 | 9630197 | 309841 |
| HINDCOL | 1380062 | 1255693 | 124369 |

ബാക്കി തുക സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതിന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-5/28-10-2020) തുക തിരികെ നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് BPCLന് കത്ത് നൽകിയിട്ടുണ്ടെന്നും ഹിൻകോളിൽ നിന്നും പദ്ധതിക്ക് കുറവ് വന്ന ബിറ്റുമിൻ പഞ്ചായത്തിലേക്ക് എത്തിക്കുന്നതിനും കത്ത് നൽകിയിട്ടുണ്ടെന്നും ആണ് മറുപടി നൽകിയിട്ടുള്ളത്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-44 കരാർ വച്ച പണി പൂർത്തിയാക്കിയില്ല-പദ്ധതി രൂപീകരണത്തിലെ വീഴ്ച

മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന മരാമത്ത് പ്രവർത്തികൾ, കരാറുകാർ ഏറ്റെടുത്തു എങ്കിലും പണി നടത്താൻ നിർദ്ദിഷ്ട പ്രദേശത്ത് എത്തിയപ്പോൾ നാട്ടുകാർ എതിർത്തതിനാൽ പണി നടത്താൻ കഴിഞ്ഞില്ല എന്ന് കാണിച്ച് കരാറുകാർ കത്ത് നൽകുകയും, തുടർന്ന് പഞ്ചായത്ത് കമ്മിറ്റി മേൽ പ്രവർത്തികൾ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. (കമ്മിറ്റി തീരുമാനം ലഭ്യമല്ല)

ഈ പ്രവത്തികളുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാർക്ക് പഞ്ചായത്തിൽ നിന്നും ടാർ നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക | കരാറുകാരന്റെ പേര് | കരാർ നമ്പർ/ തിയതി | ഫണ്ടിനം | പഞ്ചായത്തിൽ നിന്നും നൽകിയ ടാർ |
|---|---|---|---|---|---|---|
| 145/18 | തേവർപാടം കോളനി റോഡ് വടക്ക് വശം റീടാറിംഗ് | 132000 | കെ.സി.സുധീർ | 116/AE/LSGD/ MTRGP, dt.9/1/2018 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | VG-30-8 barrel<br>RS1-1 barrel |
| 259/18 | ചുങ്കാൽ ഹരിജൻ കോളനി റോഡ് റീടാറിംഗ് വാർഡ് 22 | 350000 | കെ.സി.സുധീർ | 24/AE/LSGD/MTRGP dt.27/10/2017 | വികസനഫണ്ട് (എസ് സി പി) | VG-30-6 barrel<br>RS1-2 barrel |
| 354/18 | വെള്ളിക്കുളങ്ങര തേശ്ശേരിക്കുളം റോഡ് ഫസ്റ്റ് മെറ്റലിംഗ്, ടാറിംഗ് | 300000 | മറ്റത്തൂർ ലേബർ സൊസൈറ്റി | 53/AE/LSGD/MTRGP dt.31/10/17 | തനത് ഫണ്ട് | VG30-6 barrel<br>RS1-1 barrel |

| | | | | | | |
|---|---|---|---|---|---|---|
| 393/18 | വെട്ടിയാടൻ മുരിക്കങ്ങൽറോഡ് മെറ്റലിംഗ്,ടാറിംഗ് | 300000 | മറ്റത്തൂർ ലേബർ സൊസൈറ്റി | 57/AE/LSGD/MTRGP dt.31/10/17 | വികസന ഫണ്ട് (സി.എഫ്.സി) | VG30-6 barrel RS1-1 barrel |

കൂടാതെ പഞ്ചായത്തിലെ പൊതുമരാമത്ത് വിഭാഗത്തിലെ ടാർ വിതരണംചെയ്ത സ്റ്റേറ്റ്മെന്റ് പ്രകാരം, പഞ്ചായത്തിൽ സ്റ്റോറേജ് സൗകര്യം ഇല്ല എന്ന കാരണത്താൽ ശ്രീ. കെ.സി.സുധീർ എന്ന കരാറുകാരന്റെ വർക്ക് സൈറ്റിൽ 22 ബാരൽ വി ജി 30 അധികം നൽകിയതായും കാണുന്നു.

മേൽ വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് താഴെ പറയുന്ന കാര്യങ്ങൾ ഗൗരവമായി കാണുന്നു.

1. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, ജി ഒ (പി) 13/2012/PWD/1-2-2012, 1601,1.1.1 പ്രകാരം, പ്രിലിമിനറി എസ്റ്റിമേറ്റിൽ, സൈറ്റ് കണ്ടീഷൻ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും, അസി.എഞ്ചിനീയർ സൈറ്റ് പരിശോധന നടത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. ഇത്തരത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ, കരാറുകാരൻ പണി ഏറ്റെടുത്ത് സൈറ്റിൽ ചെല്ലുമ്പോൾ ബുദ്ധിമുട്ടുണ്ടായി പണി നടത്താൻ പറ്റിയില്ല എന്ന കാരണത്താൽ പ്രവർത്തി മുടങ്ങുന്ന സാഹചര്യത്തിൽ, ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും പദ്ധതി ആസൂത്രണം ചെയ്യുന്നതിൽ വന്ന വീഴ്ചയെ ഓഡിറ്റ് ഗൗരവപൂർവം വീക്ഷിക്കുന്നു.

2.സ്റ്റോറേജ് സൗകര്യം ഇല്ലാത്ത പഞ്ചായത്തിൽ പ്രവർത്തിക്കാവശ്യമായ ടാർ മുൻകൂറായി വാങ്ങി വയ്ക്കുന്നത് ഉചിതമായ നടപടിയല്ല.

3. പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷികകണക്കിൽ കരാറുകാരന് നൽകിയ ടാറിന്റെ വില, കരാറുകാരൻ പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ, ബാലൻസ് ഷീറ്റിലെ അസറ്റ് സൈഡിൽ, സ്റ്റോക്ക് ഇൻ ഹാൻഡ് എന്ന ശീർഷകത്തിൽ കാണിക്കേണ്ടതാണ്.

4. കരാറുകാരന് പ്രവർത്തിക്കായി നൽകിയ ടാറിന്റെയും, അധികമായി നൽകിയ 22 ബാരൽ ടാറിന്റെ വിലയും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

5.പ്രവർത്തിക്കായി കരാറുകാരന് ടാർ നൽകുമ്പോൾ ആയത് ബാലൻസ് ഷീറ്റിൽ അഡ്വാൻസ് ആയി രേഖപ്പെടുത്തേണ്ടതാണ്. സർക്കാർ ഉത്തരവ്, 152/11/തസ്വഭവ, തിയതി.26-7-11 പ്രകാരം, നിശ്ചയിച്ചിട്ടുള്ള അക്കൗണ്ടിംഗ് പോളിസി പ്രകാരം ഈ മെറ്റീരിയൽസിന്റെ വില, 460400202-advance to contractor-materials issued എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ബാലൻസ് ഷീറ്റിന്റെ ബി-18, ഷെഡ്യൂളിൽ ഇത് ഉൾപ്പെടുത്തേണ്ടതും അത് വഴി, ഈ തുക തിരികെ ക്രമീകരിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 21-8-2019, 22-8-2019 | കെ എസ് എ ടി എസ് ആർ(എസ്1)1120/199(42)/ 30-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1402500 | 24/19 സമഗ്ര നെൽകൃഷി വികസനം | 1402500 | 0 |
| | 2018-19 | 258500 | 39/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 258500 | 0 |
| | 2018-19 | 2688367 | 46/19 ഭൂമിയുള്ള ഭവനരഹിതർക്ക് വീട് ജനറൽ | 2688367 | 0 |
| | 2018-19 | 250000 | 60/19 ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് സബ് സിഡി | 250000 | 0 |
| | 2018-19 | 640000 | 93/19 ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(ലൈഫ് എസ് സി) | 640000 | 0 |
| | 2018-19 | 100000 | 206/19 ഭിന്നശേഷിക്കാർക്ക് മുച്ചക്ര സ്കൂട്ടർ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2219952 | 46/19 ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(ലൈഫ് മിഷൻ ജനറൽ) | 2219952 | 0 |
| | | 601663 | 372/19 എസ് സി കുട്ടികളുട പകൽ സംരക്ഷണകേന്ദ്രം | 0 | 601663 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

# 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 3-15<br>3-11 | 2009-10 | 2.9 | മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തീകരിക്കാത്തത് | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :184679212 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :152613333 | |
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല | |
| ചെലവിനങ്ങളില്വള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :ഇല്ല | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :3024126 | |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 55301 | ശ്രീ.ടി.ജി.സജി, സെക്രട്ടറി |
| 1-25 | 144652 | ശ്രീ.ടി.ജി.സജി, സെക്രട്ടറി |
| 1-28 | 230000 | ഡോ.ശിൽപ ബേബി, മെഡിക്കൽ ഓഫീസർ |
| 1-29 | 115000 | ഡോ.ശിൽപ ബേബി, മെഡിക്കൽ ഓഫീസർ |
| 1-35 | 2110468 | ശ്രീമതി.സുധാകുമാരി .വി, ഐസിഡിഎസ് സൂപ്പർവൈസർ, |
| 1-36 | 80010 | ,, |
| 1-39 | 99000 | ശ്രീമതി.സൂസി പി.പി,ഹെഡ്മിസ്ട്രസ് ഹെഡ്മിസ്ട്രസ് |
| 1-41 | 34175 | ,, |
| 1-42 | 155520 | ,, ,, |
| ആകെ | 3024126 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.ജി.സജി, സെക്രട്ടറി | സെക്രട്ടറി,മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | ശ്രീ.ടി.ജി.സജി, തിരുകുളം വീട്, ചെറുവാളൂർ പി.ഒ കൊരട്ടി വഴി,തൃശ്ശൂർ |
| ഡോ.ശിൽപ ബേബി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,മറ്റത്തൂർ | ഡോ.ശിൽപ ബേബി, വെള്ളപ്പടവിൽ വീട്, കൊടുങ്ങ, വെള്ളിക്കുളങ്ങര.പി.ഒ |

| | | |
|---|---|---|
| | | |
| ശ്രീമതി.സൂസി പി.പി,ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്.മറ്റത്തൂർ | ശ്രീമതി.സൂസി പി.പി, കണ്ണത്ത് വീട്, പുതുക്കാട് പി.ഒ |
| ശ്രീമതി.സുധാകുമാരി.വി, ഐസിഡിഎസ് സൂപ്പർവൈസർ, | ഐസിഡിഎസ് സൂപ്പർവൈസർ, മറ്റത്തൂർ | ശ്രീമതി.സുധാകുമാരി .വി, കരാട്ടുപറമ്പിൽ വീട്, കച്ചിത്തോട് , കാട്ടിലപൂവം പി.ഒ,തൃശ്ശൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1970-71 | എൽ.എഫ്.ടി(എസ്.2)826/2011 തിയതി.28.10.2011 | |
| 1974-75 | | |
| 1982-83 | | |
| 1983-84 | | |
| 1984-85 | | |
| 1985-86 | | |
| 1986-87 | | |
| 1987-88 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1993-94 | | |
| 1994-95 | | |
| 1995-96 | എൽ.എഫ്.ടി 9-897/02 തിയതി 17.10.02 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി 8-1008/98തിയതി 20.03.99 | |
| 1996-97 (വരവ്) | എൽ.എഫ്.ടി 9-918/02 തിയതി.17.10.02 | |
| 1997-98 (ചെലവ്) | എൽ.എഫ്.ടി 9-1007/98തിയതി. 18.3.99 | |
| 1997-98 (വരവ്) | എൽ.എഫ്.ടി 9-891/02 തിയതി.17.10.02 | |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.16-661/00 തിയതി.16-06-06 | |
| 1998-99 (വരവ്) | എൽ.എഫ്.ടി 9-16/09 തിയതി. 26-12-09 | |
| 1999-00 | എൽ.എഫ്.ടി 9-17/09 തിയതി.26-12-09 | |
| 2000-01, 2001-02 ജനകീയാസൂത്രണം | എൽ.എഫ്.ടി.9-1754/03 തിയതി.01-10-04/23-12-04 | |
| 2000-01 | എൽ.എഫ്.ടി 9-18/09 തിയതി.26-12-09 | |
| 2001-02 | എൽ.എഫ്.ടി 9-10/09 തിയതി.26-12-09 | |
| 2002-03 | എൽ.എഫ്.ടി 9-20/09 തിയതി.26-12-09 | |
| 2003-04 | എൽ.എഫ്.ടി 9-21/09 തിയതി.26-12-09 | |
| 2004-05 | എൽ.എഫ്.ടി. 9-22/09 | |

| | | |
|---|---|---|
| | തിയതി.26-12-09/15-02-10 | |
| 2005-06 | എൽ.എഫ്.ടി. 10-2017/10 തിയതി. 31-05-11 | |
| 2006-07 | എൽ.എഫ്.ടി 10-2018/10 തിയതി. 31-05-11 | |
| 2007-08 | എൽ.എഫ്.ടി 854/11 തിയതി. 29-11-11 | |
| 2008-09 | എൽ.എഫ്.ടി. 855/11 തിയതി. 29-11-11/04-02-12 | |
| 2009-10 | എൽ.എഫ്.ടി .പി2-690/12 തിയതി. 07-07-12 | |
| 2010-11 | എൽ.എഫ്.ടി .പി2-691/12 തിയതി.07-07-12/04-10-12 | |
| 2011-12 | എൽ.എഫ്.ടി .പി26-2103/13 തിയതി.14-05-14/10-09-14 | |
| 2012-13 | എൽ.എഫ്.ടി .പി6-1769/14 തിയതി.01-01-15/08-07-15 | |
| 2013-14 | കെ.എസ്.എ.-ടി.എസ്.ആർ.-പി.6-1194/15 തീയതി.30.10.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി6) 1329/15 തിയതി.02.11.2015/10.12.2015 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി6)2102/2016 തിയതി.25.01.2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)1419/17 തിയതി.23.11.2017/13.12.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി.6) 131/2019 തിയതി.05.02.2019 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക വരവു ചെലവ് കണക്കുകളെ ശരിയായ വിധത്തിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 വാർഷികധനകാര്യപത്രികയുടെ സംക്ഷിപ്തം

| | | |
|---|---|---|
| | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ